## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 665** — **29.01.2019 -ൽ മറുപടിക്ക്**

### ശ്രീനാരായണ ഗുരു തീർത്ഥാടന സർക്യൂട്ട്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. അടൂർ പ്രകാശ് | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ മന്ത്രി) |
| എ) ശ്രീനാരായണ ഗുരു തീർത്ഥാടന സർക്യൂട്ടിന്റെ ആദ്യഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഏതൊക്കെ തീർത്ഥാടന കേന്ദ്രങ്ങളുടെ സമഗ്ര വികസനമാണ് ഈ പദ്ധതിയിലൂടെ പ്രാവർത്തികമാക്കുന്നതെന്ന് അറിയിക്കുമോ; | എ) | കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുത്തി അനുമതി ലഭ്യമാക്കുന്നതിനായി ശ്രീ നാരായണ ഗുരു പിൽഗ്രിം സർക്യൂട്ട് എന്ന പദ്ധതിയുടെ ഒരു പ്രൊപ്പോസൽ സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നു. തുടർന്ന് കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ നിർദ്ദേശ പ്രകാരം 99.90 കോടി രൂപയുടെ പുനർ DPR (വിശദമായ പദ്ധതി രൂപരേഖ) ടൂറിസം വകുപ്പ് സമർപ്പിച്ചിരുന്നു. എന്നാൽ മേൽ പദ്ധതിയുടെ നിർമ്മാണ ചുമതല ഐ.ടി.ഡി.സി.യ്ക്കാണ് കേന്ദ്ര ടൂറിസം മന്ത്രാലയം നൽകിയിട്ടുള്ളത്. |
| ബി) ഈ പദ്ധതിക്കായി കേന്ദ്ര സർക്കാർ എത്ര തുകയാണ് ചെലവാക്കുന്നത്; അതിൽ എത്ര തുക ഇതിനകം അനുവദിച്ചു നൽകിയെന്ന് വെളിപ്പെടുത്തുമോ; | ബി) | മേൽ പദ്ധതിയ്ക്കായി കേന്ദ്ര സർക്കാർ 69.47 കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. ടി പദ്ധതി ഐ.ടി.ഡി.സി. വഴി നടപ്പാക്കുന്നതിനാൽ ഇതിനായി എത്ര തുക ഇതിനകം അനുവദിച്ചു എന്നുള്ള വിവരം വകുപ്പിൽ ലഭ്യമല്ല. |
| സി) നിർമ്മാണ പദ്ധതികൾ എന്നത്തേക്ക് പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | സി) | കേന്ദ്ര സർക്കാരിന്റെ 03.01.2019 ലെ ഭരണാനുമതി ഉത്തരവ് പ്രകാരം ടി തീയതി മുതൽ 24 മാസത്തിനുള്ളിൽ പദ്ധതി നിർമ്മാണം പൂർത്തിയാക്കുന്നതിനാണ് ഐ.ടി.ഡി.സി. യ്ക്ക് ഉത്തരവ് നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ